# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ
ചോദ്യം നമ്പർ 3515 — 24.06.2013-ലെ മറുപടിക്ക്

### തടവുചാടൽ സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ നടപടി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ) | | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ (ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര തടവുചാടൽ സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്; ജില്ല തിരിച്ചുള്ള സംഭവങ്ങൾ വിശദമാക്കാമോ; | എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 29 തടവുകാർ തടവുചാടി. ജില്ല തിരിച്ചുള്ള സംഭവങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| ബി) ഇതിൽ എത്ര തടവുകാരെ പിടികൂടാൻ കഴിഞ്ഞിട്ടുണ്ട് എന്നും എത്ര പേരെ ഇനിയും പിടിക്കാനുണ്ട് എന്നും ഇതു സംബന്ധിച്ച വിശദാംശങ്ങൾ എന്തെല്ലാമെന്നും അറിയിക്കാമോ; | ബി) | 18 തടവുകാരെ തിരികെ പിടിച്ചു. 11 തടവുകാരെ തിരികെ പിടികൂടാനുള്ള ഊർജ്ജിതശ്രമം പോലീസ് നടത്തിവരുന്നു. |
| സി) ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ ജയിൽ വകുപ്പ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;<br>ഡി) എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ? | സി) യും ഡി) യും | ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ സ്വീകരിക്കേണ്ട നടപടികളെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ആഭ്യന്തര വകുപ്പ് സെക്രട്ടറി, സംസ്ഥാന പോലീസ് ചീഫ്, ജയിൽ വകുപ്പ് മേധാവി എന്നിവർ ഉൾപ്പെട്ട ഒരു ഉന്നതതല കമ്മിറ്റി സർക്കാർ രൂപീകരിച്ചിട്ടുണ്ട്. ടി കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ കൂടുതൽ നടപടികൾ കൈക്കൊള്ളാവുന്നതാണ്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| | | |
|---|---|---|
| 1 | തിരുവനന്തപുരം ജില്ല | 12 എണ്ണം |
| 2 | കൊല്ലം ജില്ല | 1 എണ്ണം |
| 3 | ഇടുക്കി ജില്ല | 1 എണ്ണം |
| 4 | എറണാകുളം ജില്ല | 1 എണ്ണം |
| 5 | ആലപ്പുഴ ജില്ല | 1 എണ്ണം |
| 6 | തൃശ്ശൂർ ജില്ല | 2 എണ്ണം |
| 7 | കോഴിക്കോട് ജില്ല | 1 എണ്ണം |
| 8 | കണ്ണൂർ ജില്ല | 4 എണ്ണം |
| 9 | വയനാട് ജില്ല | 1 എണ്ണം |
| 10 | മലപ്പുറം ജില്ല | 1 എണ്ണം |
| 11 | കാസർഗോഡ് ജില്ല | 4 എണ്ണം |

സെക്ഷൻ ഓഫീസർ